# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.98/PR/PIC/PHQ/18 Date : 21.04.2018

---

**മയക്കുമരുന്ന് വില്പന: 152 കേസുകളിലായി 158.33 കിലോ കഞ്ചാവ് പിടികൂടി**

സംസ്ഥാനത്ത് മയക്കുമരുന്നുകൾ വിറ്റവർക്കെതിരെ കേരള പോലീസ് ആന്റി നാർക്കോട്ടിക് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനകളെ തുടർന്ന് മാർച്ച് 16 മുതൽ എപ്രിൽ 15 വരെ 152 കേസുകളിലായി 158 കിലോ 333 ഗ്രാം കഞ്ചാവും 303.5 ഗ്രാം ഹാഷീഷും പിടികൂടി. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കഞ്ചാവ് പിടികൂടിയത്, 66.5 കിലോ. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവയാണ് തൊട്ടു പിന്നിൽ. വിവിധ ജില്ലകളിൽ പിടികൂടിയ കഞ്ചാവിന്റെ കണക്ക്:

തിരുവനനന്തപുരം റേഞ്ച് - തിരുവനന്തപുരം സിറ്റി (18.482 കി.) , തിരുവനനന്തപുരം റൂറൽ (1.979കി. ), കൊല്ലം സിറ്റി (5.240 കി), കൊല്ലം റൂറൽ (7.74 കി), പത്തനംതിട്ട (1.080 കി.).

കൊച്ചി റേഞ്ച് -കൊച്ചി സിറ്റി(13.95 കി.), എറണാകുളം റൂറൽ(7.172 കി.), ആലപ്പുഴ(2.32 കി), ഇടുക്കി (2.478 കിലോ), കോട്ടയം (6.025 കി),

തൃശ്ശൂർ റേഞ്ച് - തൃശ്ശൂർ സിറ്റി (126 ഗ്രാം), തൃശ്ശൂർ റൂറൽ (685 ഗ്രാം), പാലക്കാട് (2.11 കി.), മലപ്പുറം (66.59 കി.),

കണ്ണൂർ റേഞ്ച് - കോഴിക്കോട് സിറ്റി (10.25 കി.), കോഴിക്കോട് റൂറൽ (3.88 കി), വയനാട് (6.360 കി), കണ്ണൂർ (1.500 കി.), കാസർഗോഡ് (366 ഗ്രാം.)

വിവിധ ജില്ലകളിൽ മയക്കു മരുന്ന് വിപണനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾ വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയും കാൻസാഫിന്റെ ചുമതലയുള്ള ഐ.ജി. പി.വിജയനും അറിയിച്ചു.

*************************